"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസം -എയ്ഡഡ് സ്കൂൾ- തിരുവനന്തപുരം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്.-ൽ എച്ച്.എസ്.എസ്.റ്റി.(സോഷ്യൽ വർക്ക്) ആയ ശ്രീമതി ബിന്ദു വർഗീസിന്റെ അവധി ഒഴിവിലെ നിയമനത്തിന് പ്രായപരിധിയിൽ ഇളവ് അനുവദിച്ച് നിയമനാംഗീകാരം നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (എ) വകുപ്പ്

G.O.(Ms) No.27/2022/GEDN തീയതി,തിരുവനന്തപുരം, 25-02-2022

---

പരാമർശം:-
1. ശ്രീമതി ബിന്ദു വർഗീസിന്റെ 10-10-2020 ,13/07/2021, 26/08/2021 തീയതികളിലെ അപേക്ഷകൾ
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 13/01/2021 ലെ എ.സി.ഡി.ബി 3/188328/എച്ച്എസ്ഇ നമ്പർ കത്ത്

<u>ഉത്തരവ്</u>

തിരുവനന്തപുരം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്.-ൽ എച്ച്.എസ്.എസ്.റ്റി.(സോഷ്യൽ വർക്ക്) ആയി ലീവ് വേക്കൻസിയിൽ ശ്രീമതി.ബിന്ദു വർഗ്ഗീസിന് നിയമനം ലഭിക്കുകയും നിയമന സമയത്ത് ഉയർന്ന പ്രായപരിധി കഴിഞ്ഞതിനാൽ ടി നിയമനത്തിൽ വയസ്സിളവ് അനുവദിച്ച് നിയമനാംഗീകാരം നൽകണമെന്ന് പരാമർശം (1) പ്രകാരം ശ്രീമതി.ബിന്ദു വർഗ്ഗീസ് അപേക്ഷകൾ സമർപ്പിക്കുകയുമുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 01.07.2019 മുതൽ ഹർജിക്കാരി ദിവസ വേതന അടിസ്ഥാനത്തിൽ പ്രസ്തുത സ്കൂളിൽ ജോലിയെടുത്തു വരുകയായിരുന്നു. തുടർന്ന്, ശമ്പള സ്കെയിലിൽ നിയമനം നടത്തേണ്ടതായ അവധി ഒഴിവ് ഉണ്ടായപ്പോൾ പത്രപ്പരസ്യങ്ങളെ തുടർന്ന് പൂർണ്ണ യോഗ്യതയുള്ള ഉയർന്ന പ്രായപരിധിയ്ക്കുള്ളിലുള്ളവരായ ടീച്ചർമാരെ ലഭിയ്ക്കാത്ത സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധിച്ച സെലക്ഷൻ കമ്മറ്റി ഹർജിക്കാരിയുടെ യോഗ്യതകളും ക്ലാസ് കൈകാര്യം ചെയ്യുന്നതിലുള്ള വിദഗ്ധ പ്രകടനവും വിലയിരുത്തിയ ശേഷം അവർക്ക് ഉയർന്ന പ്രായപരിധി കഴിഞ്ഞുവെങ്കിലും ശമ്പള സ്കെയിലിൽ നിയമനത്തിനായി

Scanned by TapScanner

തിരഞ്ഞെടുക്കുകയും അവരുടെ നിയമനത്തിനായി ശുപാർശ ചെയ്യുകയുമുണ്ടായി. തുടർന്ന്, പൂർണ്ണ യോഗ്യത നേടിയതാണെങ്കിലും ഉയർന്ന പ്രായപരിധി കഴിഞ്ഞ ഹർജിക്കാരിയെ നിയമിക്കേണ്ട സാഹചര്യമുണ്ടായി. പരാമർശം (1) പ്രകാരം ഹാജരാക്കപ്പെട്ട രേഖകൾ പരിശോധിക്കുമ്പോൾ "സോഷ്യൽ വർക്ക്" എന്ന മേഖലയിൽ സർക്കാർ സംരംഭങ്ങളുമായി ബന്ധപ്പെട്ട് 1998 മുതൽ വളരെക്കാലമായി ഹർജിക്കാരി സജീവമായി പ്രവൃത്തിയെടുത്തു വരുന്ന കാര്യം വ്യക്തമാണ്. സ്കൂളിലുണ്ടായ എച്ച്.എസ്.എസ്.റ്റി. (സോഷ്യൽ വർക്ക്) എന്ന തസ്തികയിലെ ഒഴിവിലേയ്ക്കാണ് ഹർജിക്കാരിയുടെ നിയമനം എന്നതിനാൽ 1998 മുതൽ ഹർജിക്കാരിയ്ക്ക് ലഭിച്ച പ്രായോഗിക പരിചയം പ്രസ്തുത നിയമനത്തിലൂടെ കുട്ടികൾക്കു പകർന്നു നല്കാനുള്ള അവസരമുണ്ടാകുമെന്നതു കണക്കിലെടുത്തും, പ്രായപരിധി കടക്കാത്ത, യോഗ്യതയുള്ള ടീച്ചർമാരെ ലഭ്യമാകാത്ത സാഹചര്യമുള്ളതിനാലും 01.07.2019 മുതൽ ദിവസ വേതന അടിസ്ഥാനത്തിൽ (03.01.2020 വരെയുള്ള) നിയമന അംഗീകാരത്തോടെ പ്രസ്തുത സ്കൂളിൽ ജോലിയെടുത്തുവരുന്ന ഹർജിക്കാരിയ്ക്ക് സെലക്ഷൻ കമ്മറ്റി ശുപാർശ ചെയ്തിട്ടുള്ളതായ അവധി ഒഴിവിലെ നിയമനം ലഭിക്കുന്നതിന് തടസ്സമായുള്ള ഉയർന്ന പ്രായപരിധി നിബന്ധനയിൽ ഇളവ് നല്കുന്നത് ഉചിതമാകുമെന്നു ബോദ്ധ്യപ്പെട്ടു.

3) മേൽ വിവരിച്ച സാഹചര്യത്തിൽ, തിരുവനന്തപുരം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്.-ൽ എച്ച്.എസ്.എസ്.റ്റി. (സോഷ്യൽ വർക്ക്) ആയി ദിവസവേതനാടിസ്ഥാനത്തിൽ 01/07/2019 മുതൽ 03/01/2020 വരെയുള്ള നിയമനാംഗീകാരത്തോടെ ജോലിയെടുത്തു വരുന്ന ശ്രീമതി.ബിന്ദു വർഗ്ഗീസിന് സെലക്ഷൻ കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളതായ ശമ്പള സ്കെയിൽ നിയമനത്തിന് (അവധി ഒഴിവ്- 04/01/2020 മുതലുള്ള നിയമനത്തിന്) കെ.ഇ.ആർ. അദ്ധ്യായം XXXII റൂൾ 8-ൽ പ്രതിപാദിച്ചിട്ടുള്ള ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ച് നിയമനാംഗീകാരം നൽകുന്നതിനുള്ള നിർദ്ദേശം തിരുവനന്തപുരം മേഖലാ ഉപ മേധാവി (ഹയർ സെക്കണ്ടറി വിദ്യാഭ്യാസം) യ്ക്കു നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

A P M MOHAMMED HANISH

PRINCIPAL SECRETARY

പൊതു വിദ്യാഭ്യാസ ഡയറക്ടർ,(ഹയർ സെക്കണ്ടറി വിഭാഗം),തിരുവനന്തപുരം
മേഖലാ ഉപ മേധാവി,ഹയർ സെക്കണ്ടറി വിദ്യാഭ്യാസം,തിരുവനന്തപുരം
ശ്രീമതി.ബിന്ദു വർഗ്ഗീസ്,എച്ച്.എസ്.എസ്.റ്റി. (സോഷ്യൽ വർക്ക്),സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്, തിരുവനന്തപുരം

Scanned by TapScanner

EDN

ഡയറക്ടർ (വെബ്&ന്യൂ മീഡിയ)

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:-

ബഹു:മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു:പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

പൊതുഭരണ സ്പെഷ്യൽ സെൽ (മന്ത്രിസഭ യോഗ തീരുമാനം ഇനം.നം. 574 തീയതി 23/2/2022).

പൊതു വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned by TapScanner

574

# കേരള സർക്കാർ

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എ 3/181/2021/പൊവിവ |
| 2 | വകുപ്പ് | : | പൊതു വിദ്യാഭ്യാസ (എ) വകുപ്പ് |
| 3 | വിഷയം | : | തിരുവനന്തപുരം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്.-ൽ എച്ച്.എസ്.എസ്.റ്റി. (സോഷ്യൽ വർക്ക്) ആയ ശ്രീമതി.ബിന്ദു വർഗ്ഗീസിന്റെ അവധി ഒഴിവിലെ നിയമനത്തിന് പ്രായപരിധിയിൽ ഇളവ് അനുവദിച്ച് നിയമനാംഗീകാരം നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 16/10/2021 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 7 | കുറിപ്പ് അംഗീകരിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | അനിൽ കുമാർ എസ്.വി. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | എ.പി.എം മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭക്കുള്ള കരട്കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 12/02/2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി പി ജോയ് |
| 11 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 21/02/2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | വി.ശിവൻകുട്ടി |
| 13 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 21.2.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 22.2.2022 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

തിരുവനന്തപുരം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്.-ൽ എച്ച്.എസ്.എസ്.റ്റി. (സോഷ്യൽ വർക്ക്) ആയി ലീവ് വേക്കൻസിയിൽ ശ്രീമതി.ബിന്ദു വർഗ്ഗീസിന് നിയമനം ലഭിക്കുകയും, നിയമന സമയത്ത് ഉയർന്ന പ്രായപരിധി കഴിഞ്ഞതിനാൽ, ടി നിയമനത്തിൽ വയസ്സിളവ് അനുവദിച്ച് നിയമനാംഗീകാരം നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി.ബിന്ദു വർഗ്ഗീസ് സമർപ്പിച്ച ഹർജി സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം.

ശ്രീമതി.ബിന്ദു വർഗ്ഗീസ് സർക്കാർ മുമ്പാകെ സമർപ്പിച്ച ഹർജിയിൽ ഇപ്രകാരം അറിയിച്ചിരിക്കുന്നു.

തിരുവനന്തപുരം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്.-ൽ എച്ച്.എസ്.എസ്.റ്റി. (സോഷ്യൽ വർക്ക്) അവധി ഒഴിവിലേയ്ക്ക് നിയമനത്തിന് യോഗ്യത നേടിയവർക്കായി മാനേജ്മെന്റ് 3 തവണ പത്രത്തിൽ പരസ്യം നൽകിയിട്ടും യോഗ്യത നേടിയ ആരെയും ലഭിയ്ക്കാത്തത് കൊണ്ട്, എച്ച്.എസ്.എസ്.റ്റി. നിയമനത്തിനുള്ള പ്രായപരിധി കഴിഞ്ഞിരുന്ന വ്യക്തിയായിരുന്നിട്ട് കൂടിയും ഹർജിക്കാരിയെ സെലക്ഷൻ കമ്മിറ്റി എച്ച്.എസ്.എസ്.റ്റി. (സോഷ്യൽ വർക്ക്) ആയി നിയമിക്കുന്നതിലേയ്ക്ക്, വയസ്സിളവ് സർക്കാരിൽ നിന്നും ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ നിയമനത്തിന് തെരഞ്ഞെടുക്കുകയും, തുടർന്ന് ടിയാരി ഇപ്പോഴും അതേ തസ്തികയിൽ തുടർന്ന് വരികയുമാണ്. ടിയാരിയുടെ 01/07/2019 മുതൽ 03/01/2020 വരെയുള്ള എച്ച്.എസ്.എസ്.റ്റി. സോഷ്യൽ വർക്ക് അദ്ധ്യാപികയായുള്ള ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം 11/11/2019-ലെ TRO-3/6618/HSE/2019 നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം മേഖലാ ഉപമേധാവി ഇതിനകം അംഗീകരിച്ച് നൽകിയിട്ടുണ്ട്. കൂടാതെ എച്ച്.എസ്.എസ്.റ്റി ആയി നിയമനം ലഭിക്കുന്നതിന് മുമ്പ് 7 വർഷം താഴെപ്പറയുന്ന സർക്കാർ പദ്ധതികളിൽ ജോലി ചെയ്തിരുന്നുവെന്നും അറിയിച്ചിരിക്കുന്നു.

1. School Counsellor Full time in Govt HSS, Vattiyoorkavu
2. 2. Social Development Consultant in Kudumbasree
3. Helpline for women and Girls, a project of Central Social Welfare Board

മേൽ സാഹചര്യങ്ങൾ കണക്കിലെടുത്തും, പ്രായപരിധി കഴിഞ്ഞതിനാൽ ടി തസ്തികയിലെ നിയമനം അവസാനത്തെ അവസരമാണെന്നുള്ളത് കണക്കാക്കിയും പ്രായപരിധിയിൽ ഇളവ് അനുവദിച്ച് നിയമനാംഗീകാരം നൽകണമെന്ന് ശ്രീമതി.ബിന്ദു വർഗ്ഗീസ് ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ ചേർക്കുംവിധം അഭിപ്രായപ്പെട്ടിരിക്കുന്നു.

"വ്യക്തികൾക്കു വേണ്ടി നിലവിലുള്ള ചട്ടങ്ങളിൽ ഇളവനുവദിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണെന്നും exceptional case-കളിൽ മാത്രമേ ഇപ്രകാരം ചട്ടങ്ങളിൽ ഇളവനുവദിക്കാൻ പാടുള്ളു എന്നും 04/07/2009 തീയതിയിലെ സർക്കുലർ നം.52/2009/ധന-യിൽ വ്യക്തമാക്കിയിട്ടുണ്ട്. ഭരണ വകുപ്പിന്റെ ശ്രദ്ധ പ്രസ്തുത സർക്കുലറിലേയ്ക്ക് ക്ഷണിക്കുന്നതോടൊപ്പം ശ്രീമതി.ബിന്ദു വർഗ്ഗീസിന്റെ കേസ് ഇപ്രകാരം exceptional case ആണോ എന്നത് ഭരണ വകുപ്പ് പരിശോധിച്ച് ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്ന കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അനുമതിക്കു വിധേയമായി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണ് എന്നും അറിയിക്കുന്നു."

ഈ വിഷയത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ചുവടെ ചേർക്കും വിധം അഭിപ്രായപ്പെട്ടിരിക്കുന്നു.

"എയ്ഡഡ് സ്കൂളുകളുടെ വിഷയം കെ.പി.എസ്. ആക്റ്റിനു കീഴിൽ വരാത്തതിനാൽ ഇക്കാര്യത്തിൽ ആധികാരിക അഭിപ്രായം രേഖപ്പെടുത്തുന്നതിന് ഈ വകുപ്പിന് പരിമിതിയുണ്ട്. ഭരണ വകുപ്പ് പൊതുവിദ്യാഭ്യാസ (ജെ) വകുപ്പിന്റെ ഉപദേശം തേടി ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടതാണ്."

ഈ വിഷയത്തിൽ പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ് ചുവടെ ചേർക്കും വിധം അഭിപ്രായപ്പെട്ടിരിക്കുന്നു.

"കെ.ഇ.ആർ.-ലെ ഏതെങ്കിലും ചട്ടം നടപ്പാക്കുമ്പോൾ അത് ഒരു കേസിൽ അനാവശ്യമായ കഷ്ടതകൾ സൃഷ്ടിക്കുന്നതായി ബോദ്ധ്യപ്പെട്ടാൽ അതുവഴിയുണ്ടായേക്കാവുന്ന അനീതിയും അസമത്വവും ഒഴിവാക്കുന്നതിനുള്ള നിബന്ധനകളോടെ പ്രസ്തുത ചട്ടത്തിൽ സർക്കാരിന് ഇളവു നല്കാമെന്ന് കെ.ഇ.ആർ. അദ്ധ്യായം 1 ചട്ടം 3 പ്രകാരം അധികാരപ്പെടുത്തിയിട്ടുണ്ട്. ഈ കേസിൽ പ്രസ്തുത സാഹചര്യം ദൃഷ്ടമാണോ എന്നും, മറ്റൊരു ടീച്ചർക്ക് ഇപ്രകാരം ഇളവ് നല്കപ്പെട്ടതായി അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ളത് സമാന സാഹചര്യത്തിലുള്ളതാണോ എന്നും പരിശോധിച്ച് ഭരണ വകുപ്പിന് തന്നെ തീരുമാനം എടുക്കാവുന്നതാണ്."

ശ്രീമതി.ബിന്ദു വർഗ്ഗീസിന്റെ അപേക്ഷയിൽ സൂചിപ്പിച്ച അദ്ധ്യാപികയായ സിസ്റ്റർ ലൂസി ജോസഫിന്റേത് സമാനമായ സാഹചര്യത്തിലുള്ളതല്ല. സിസ്റ്റർ ലൂസി ജോസഫിന്, ഒരു പ്രത്യേക കേസ്സായി പരിഗണിച്ച്, കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 1 ചട്ടം 3 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ച് കെ.ഇ.ആർ ചാപ്റ്റർ XXXII-ലെ റൂൾ 8-ൽ ഇളവ് നൽകി, ഭാവിയിൽ ഇതൊരു കീഴ്വഴക്കമാകരുത് എന്ന വ്യവസ്ഥയിലാണ് നിയമനാംഗീകാരം നൽകിയത്.

എന്നാൽ ശ്രീമതി.ബിന്ദു വർഗ്ഗീസിന്റെ ആവശ്യം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടിരുന്നു:-

1) തിരുവനന്തപുരം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്.-ൽ എച്ച്.എസ്.എസ്.റ്റി. (സോഷ്യൽ വർക്ക്) തസ്തികയിലുണ്ടായ അവധി ഒഴിവിലേയ്ക്ക് നിയമനത്തിന് യോഗ്യത ഉള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ട് മാനേജ്മെന്റ് 3 തവണ പത്രത്തിൽ പരസ്യം നൽകിയിട്ടും പൂർണ്ണ യോഗ്യത നേടിയ ഹർജിക്കാരിയുടെ അപേക്ഷ മാത്രമേ ലഭിച്ചുള്ളു. മേൽ സാഹചര്യത്തിൽ ഹർജിക്കാരിക്ക് (ജനനത്തീയതി 20/03/1974), സർക്കാരിൽ നിന്നും വയസ്സിളവ് നേടേണ്ടതാണെന്ന വ്യവസ്ഥയോടെ അവധി വേക്കൻസിയിൽ പ്രസ്തുത ഒഴിവിലേയ്ക്ക് നിയമനം നൽകുവാൻ 20/01/2020-ന് ചേർന്ന, സർക്കാർ നോമിനി ഉൾപ്പെട്ട സെലക്ഷൻ കമ്മറ്റി തിരഞ്ഞെടുത്തു.

2) സെലക്ഷൻ കമ്മറ്റി ഇപ്രകാരം തിരഞ്ഞെടുക്കുന്നതിനു മുമ്പ് തന്നെ, 01.07.2019 മുതൽ നിലവിൽ വന്ന അവധി ഒഴിവിലേയ്ക്ക് പലതവണ പത്രപ്പരസ്യങ്ങൾക്കു ശേഷവും പൂർണ്ണ യോഗ്യത നേടിയവരും ഉയർന്ന പ്രായപരിധി കഴിയാത്തവരുമായ ടീച്ചർമാരെ ലഭിയ്ക്കാത്തതു കൊണ്ട്, പൂർണ്ണ യോഗ്യത ഉണ്ടായിരുന്ന ഹർജിക്കാരിയെ, അവർക്ക് ഉയർന്ന പ്രായപരിധി കഴിഞ്ഞെങ്കിൽ കൂടി, ദിവസവേതന അടിസ്ഥാനത്തിൽ മാനേജർ നിയമിച്ചിരുന്നു. പ്രസ്തുത നിയമനത്തിന് ഹയർ സെക്കന്ററി വിഭാഗം തിരുവനന്തപുരം മേഖലാ ഡെപ്യൂട്ടി ഡയറക്ടർ 01.07.2019 മുതൽ 03.01.2020 വരെ ദിവസവേതന അടിസ്ഥാനത്തിൽ നിയമന അംഗീകാരം നല്കുകയും ചെയ്തിരുന്നു. 01.07.2019 മുതൽ 03.01.2020 വരെ അവധിയെടുത്ത ടീച്ചർ, 04.01.2020 മുതൽ 01.02.2022 വരെ അവധി ദീർഘിപ്പിച്ചതിനെ തുടർന്ന്, പ്രസ്തുത അവധി ഒഴിവും ദീർഘിപ്പിക്കുന്ന സാഹചര്യമുണ്ടാകുകയും, ഇതിനിടെ, സെലക്ഷൻ കമ്മറ്റി ഹർജിക്കാരിയെ പ്രസ്തുത ഒഴിവിലേയ്ക്ക് നിയമനത്തിനായി തിരഞ്ഞെടുക്കുകയും ചെയ്തു. ആയതിനാൽ മേഖലാ ഡെപ്യൂട്ടി ഡയറക്ടർ നല്കിയ അംഗീകാര ഉത്തരവിന്റെ തുടർച്ചയായി നിയമന അംഗീകാരം വേണമെന്ന് അപേക്ഷിച്ചുകൊണ്ട് മാനേജർ ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചു.

3) സെലക്ഷൻ കമ്മറ്റി 20.01.2020-നു യോഗം ചേർന്ന് ഹർജിക്കാരിയെ തിരഞ്ഞെടുത്ത സ്ഥിതിയ്ക്ക് അതിനുശേഷം നല്കുന്ന നിയമനം ശമ്പള സ്കെയിലിൽ നല്കേണ്ടതുണ്ട്. കൂടാതെ നേരത്തെ നടത്തിയ ദിവസവേതന അടിസ്ഥാനത്തിലെ നിയമനത്തിന് ഉയർന്ന പ്രായപരിധി കഴിഞ്ഞ സാഹചര്യം കണക്കിലെടുക്കാതെ അംഗീകാരം നല്കിയതിനാൽ, ശമ്പള സ്കെയിലിൽ നിയമനത്തിനും അതിന്റെ അംഗീകാരത്തിനും ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കേണ്ടതുണ്ട്.

ഹർജിക്കാരി ചൂണ്ടിക്കാണിച്ചിട്ടുള്ള സാഹചര്യങ്ങൾ, ഹാജരാക്കിയ രേഖകൾ എന്നിവ പരിശോധിക്കുമ്പോൾ ചുവടെ പറയുന്ന സ്ഥിതിഗതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

എ) പത്രപ്പരസ്യങ്ങളെ തുടർന്ന്, പൂർണ്ണ യോഗ്യതയുള്ള, ഉയർന്ന

പ്രായപരിധിയ്ക്കുള്ളിലുള്ളവരായ ടീച്ചർമാരെ ലഭിയ്ക്കാത്തതു കൊണ്ട് പൂർണ്ണ യോഗ്യത നേടിയ, പക്ഷെ, ഉയർന്ന പ്രായപരിധി കഴിഞ്ഞ ഹർജിക്കാരിയെ നിയമിക്കേണ്ട സാഹചര്യമുണ്ടായി. 01.07.2019 മുതൽ ഹർജിക്കാരിയെ ദിവസ വേതന അടിസ്ഥാനത്തിൽ മാനേജർ നിയമിച്ചതും മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ദിവസ വേതന അടിസ്ഥാനത്തിൽ അംഗീകരിച്ചതും അക്കാദമിക താല്പര്യം കണക്കിലെടുക്കുമ്പോൾ സാധൂകരിക്കാവുന്നതാണെങ്കിലും ശമ്പള സ്കെയിലിൽ നിയമനത്തിന് കെ.ഇ.ആർ അദ്ധ്യായം XXXII ചട്ടം. 8 പ്രകാരം നിർദ്ദിഷ്ട പ്രായപരിധി കടക്കാനാകില്ല. പക്ഷെ, ഉയർന്ന പ്രായപരിധിയ്ക്കുള്ളിൽ വരുന്ന യോഗ്യതയുള്ളവരെ ലഭിക്കാത്ത സാഹചര്യം നിലനില്ക്കുന്നതായി ശ്രദ്ധിച്ച സെലക്ഷൻ കമ്മറ്റി ഹർജിക്കാരിയുടെ യോഗ്യതകളും ക്ലാസ് കൈകാര്യം ചെയ്യുന്നതിലുള്ള വിദഗ്ധപ്രകടനവും വിലയിരുത്തിയ ശേഷം അവർക്ക് ഉയർന്ന പ്രായപരിധി കഴിഞ്ഞുവെങ്കിലും ശമ്പള സ്കെയിലിൽ നിയമനത്തിനായി തിരഞ്ഞെടുക്കുകയും അവരുടെ നിയമനത്തിനായി ശുപാർശ ചെയ്യുകയുമുണ്ടായി. ഈ പ്രത്യേക പരിതസ്ഥിതികളിൽ 01.07.2019 മുതൽ ദിവസ വേതന അടിസ്ഥാനത്തിൽ (03.01.2020 വരെയുള്ള) നിയമന അംഗീകാരത്തോടെ പ്രസ്തുത സ്കൂളിൽ ജോലിയെടുത്തുവരുന്ന ഹർജിക്കാരിയ്ക്ക് സെലക്ഷൻ കമ്മറ്റി ശുപാർശ ചെയ്തിട്ടുള്ളതായ ശമ്പള സ്കെയിൽ നിയമനത്തിന് (അവധി ഒഴിവ്) ഉയർന്ന പ്രായപരിധിയിൽ ഇളവ് അർഹിക്കുന്നതായി കാണുന്നു.

ബി) ഹർജിക്കാരി താഴെപ്പറയുന്ന രേഖകൾ ഹാജരാക്കിയിട്ടുണ്ട്:

(1) 1998 മുതൽ 2002 വരെ പത്തനംതിട്ട ഏരിയാ ഡവലപ്മെന്റ് പ്രോഗ്രാമിനു കീഴിൽ വിമൻ ഓർഗനൈസറായി "ജെൻഡർ ഡവലപ്മെന്റ് പ്രോഗ്രാ"മുകളുടെ നേതൃത്വം വഹിച്ചിരുന്നതിന്റെ സാക്ഷ്യപത്രം.

(2) 2003 മുതൽ 2004 വരെ കാലയളവിൽ കേന്ദ്ര മാനവശേഷി വകുപ്പ് കേന്ദ്ര സോഷ്യൽ വെൽഫയർ അഡ്വൈസറി ബോർഡിന്റെ സഹകരണത്തോടെ സംസ്ഥാനങ്ങളിൽ നടപ്പാക്കിയ "ആഷിക്- ഹെല്പ് ലൈൻ ഫോർ വിമൻ & ഗേൾസ്" എന്നതിന്റെ കൗൺസിലർ ആയി ജോലിയെടുത്തിരുന്നതിന്റെ സാക്ഷ്യപത്രം

(3) കുടുംബശ്രീ പദ്ധതിയുടെ കീഴിൽ 7 ജില്ലകളിലെ സോഷ്യൽ ഡവലപ്മെന്റ് കൺസൾട്ടന്റ് ആയി 2004 മുതൽ 2005 വരെ ഹർജിക്കാരി ജോലിയെടുത്തത് സ്തുത്യർഹമായ രീതിയിലാണെന്ന പ്രോജക്ട് എക്സിക്യൂട്ടീവ് ഡയറക്ടർ നൽകിയ സാക്ഷ്യപത്രം

(4) സോഷ്യൽ ജസ്റ്റിസ് വകുപ്പിന്റെ കീഴിൽ 2012 മുതൽ 2016 വരെ സ്കൂൾ കൗൺസിലറായി ടിയാരി വളരെ കൃത്യനിഷ്ഠയോടും കാര്യക്ഷമതയോടും സേവനം നടത്തിയിരുന്നെന്ന സാക്ഷ്യപത്രം.

ഈ രേഖകൾ പരിശോധിക്കുമ്പോൾ, "സോഷ്യൽ വർക്ക്" എന്ന മേഖലയിൽ സർക്കാർ സംരംഭങ്ങളുമായി ബന്ധപ്പെട്ട് 1998 മുതൽ വളരെക്കാലമായി ഹർജിക്കാരി സജീവമായി പ്രവൃത്തിയെടുത്തു വരുന്നതായി കാണപ്പെടുന്നു. സ്കൂളിലുണ്ടായ

എച്ച്.എസ്.എസ്.റ്റി. (സോഷ്യൽ വർക്ക്) എന്ന ഒഴിവിലേയ്ക്കാണ് ഹർജിക്കാരിയുടെ നിയമനം എന്നതിനാൽ പ്രസ്തുത തസ്തികയിലേയ്ക്ക് ഹർജിക്കാരിയ്ക്ക് ഇപ്രകാരം ലഭിച്ച പ്രായോഗിക പരിചയം കുട്ടികൾക്കു പകർന്നു നല്കാനുള്ള അവസരമുണ്ടാകുമെന്നതു മുൻനിർത്തിയും, പ്രായപരിധി കടക്കാത്ത, യോഗ്യതയുള്ള മറ്റു ടീച്ചർമാരെ ലഭ്യമാകാത്ത സാഹചര്യമുള്ളതിനാലും 01.07.2019 മുതൽ ദിവസ വേതന അടിസ്ഥാനത്തിൽ (03.01.2020 വരെയുള്ള) നിയമന അംഗീകാരത്തോടെ പ്രസ്തുത സ്കൂളിൽ ജോലിയെടുത്തുവരുന്ന ഹർജിക്കാരിയ്ക്ക് സെലക്ഷൻ കമ്മറ്റി ശുപാർശ ചെയ്തിട്ടുള്ളതായ ശമ്പളസ്കെയിൽ നിയമനത്തിന് (അവധി ഒഴിവ്) ഉയർന്ന പ്രായപരിധിയിൽ ഇളവ് അർഹിക്കുന്നതായി കാണുന്നു.

സി) ജനനത്തീയതി 20.03.1974 ഉള്ള ഹർജിക്കാരിയ്ക്ക് ഇപ്പോൾ 47 വയസ്സ കഴിഞ്ഞു. മറ്റൊരു നിയമനം ലഭിക്കുന്നതിനുള്ള സാദ്ധ്യത ഇനിയില്ല. ഇപ്പോൾ നിയമനം ലഭിച്ചതാകട്ടെ ഒരു അവധി ഒഴിവിലേയ്ക്കുമാണ്. നിലവിലെ സ്ഥിതി പ്രകാരം 01.02.2022 വരെ നീളുന്ന ഒഴിവു മാത്രമാണിത്. ഈ സാഹചര്യങ്ങളിൽ 01.07.2019 മുതൽ ദിവസ വേതന അടിസ്ഥാനത്തിൽ (03.01.2020 വരെയുള്ള) നിയമന അംഗീകാരത്തോടെ പ്രസ്തുത സ്കൂളിൽ ജോലിയെടുത്തുവരുന്ന ഹർജിക്കാരിയ്ക്ക് സെലക്ഷൻ കമ്മറ്റി ശുപാർശ ചെയ്തിട്ടുള്ളതായ ശമ്പളസ്കെയിൽ നിയമനത്തിന് (അവധി ഒഴിവ്) ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കുന്നതിന് അനുഭാവ പൂർണ്ണമായ പരിഗണന അർഹിക്കുന്നതായി കാണുന്നു.

മേൽ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ, ശ്രീമതി.ബിന്ദു വർഗ്ഗീസിന്റേത് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച്, കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 1 ചട്ടം 3 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ച് കെ.ഇ.ആർ. ചാപ്റ്റർ XXXII-ലെ റൂൾ 8-ൽ ഇളവ് നൽകി, ഭാവിയിൽ ഇതൊരു കീഴ്വഴക്കമാകരുത് എന്ന വ്യവസ്ഥയിൽ, നിയമനാംഗീകാരം നൽകണം എന്ന ഹർജിക്കാരിയുടെ ആവശ്യം പരിഗണിക്കാവുന്നതാണോ എന്നതിൽ ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു:മുഖ്യമന്ത്രി ഉത്തരവ് നൽകി.

## തീരുമാനിക്കേണ്ട വിഷയം

തിരുവനന്തപുരം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്.-ൽ എച്ച്.എസ്.എസ്.റ്റി. (സോഷ്യൽ വർക്ക്) ആയി ദിവസവേതനാടിസ്ഥാനത്തിൽ 01/07/2019 മുതൽ 03/01/2020 വരെയുള്ള നിയമനാംഗീകാരത്തോടെ ജോലിയെടുത്തു വരുന്ന ശ്രീമതി.ബിന്ദു വർഗ്ഗീസിന് സെലക്ഷൻ കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളതായ ശമ്പള സ്കെയിൽ നിയമനത്തിന് (അവധി ഒഴിവ്) 04/01/2020 മുതലുള്ള നിയമനത്തിന് കെ.ഇ.ആർ. അദ്ധ്യായം XXXII റൂൾ 8-ൽ പ്രതിപാദിച്ചിട്ടുള്ള ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ച് നിയമനാംഗീകാരം നൽകാവുന്നതാണോ?

**GOVERNMENT OF KERALA**

**(SHRI. PINARAYI VIJAYAN MINISTRY)**

**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 1 | File No. | : | A3/181/2021/G.EDN |
| 2 | Department | : | General Education (A) Department |
| 3 | Subject | : | Approval of appointment of Smt.Bindhu Varghese as HSST (Social Work) in a leave vacancy in St.Joseph' HSS relaxing the upper age limit regarding. |
| 4 | Date of Chief Minister's order for placing before the Council | : | 16/10/2021 |
| 5 | (i) Does the case involve financial commitments/ implications | : | Yes |
| | (ii) If the answer to the above is in the affirmative, whether Finance department has been consulted and their remarks incorporated in the Note for the Council? | : | Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | Yes |
| 7 | Name of Joint Secretary who submitted the Draft Note | : | Anil Kumar S.V. |
| 8 | Name of Principal Secretary who approved the Draft Note. | : | A.P.M Mohammed Hanish |
| 9 | Date of approval of the Draft Note for the Council by the Principal Secretary | : | 12/02/2022 |
| 10 | Name of Chief Secretary who approved the Draft Note | : | Dr.V.P.Joy |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 21/02/2022 |
| 12 | Name of Minister who approved the Draft Note | : | V.Sivankutty |
| 13 | Date of approval of the Draft Note for the Council by the Minister | : | 21-2-2022 |
| 14 | Date of submission of fair copies | : | 22-2-2022 |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O. /letter communicating the decision | : | |

# NOTE FOR THE COUNCIL OF MINISTERS

The note deals with the petition submitted by Smt.Bindhu Varghese, requesting to grant approval of her appointment as HSST (Social Work) in a leave vacancy in the St.Joseph's HSS, Thiruvananthapuram, relaxing the upper age limit prescribed for appointment.

The petitioner has pointed out the following facts in the petition:-

The Selection Committee constituted for selecting a teacher as HSST (Social Work) considered the case of the petitioner and found that she was over aged for the appointment, but, selected her on condition that relaxation of age limit shall be obtained from Government, because the Management, St.Josephs HSS could not identify a fully qualified person within the age limit, even after having advertised 3 times in leading news papers and that the petitioner is still continuing in the same vacancy. Her appointment as HSST (Social Work) for the period from 01/07/2019 to 03/01/2020 was already approved on daily wage basis as per Order No.TRO-3/6618/HSE/2019 dated 11/11/2019 of the Regional Deputy Director, Thiruvananthapuram. Before having got appointment as HSST, she had served for 7 years in various Government projects as mentioned below.

1) School Counsellor Full time in Govt HSS, Vattiyoorkavu
2) Social Development Consultant in Kudumbasree
3) Helpline for women and Girls, a project of Central Social Welfare Board.

She has requested to consider the above mentioned facts and as the appointment to the post of HSST (Social Work) is a last chance since she crossed the age limit, she has requested to grant approval of appointment, relaxing the upper age limit.

The opinion of Finance Department in this reagrd is given below:

"വ്യക്തികൾക്ക വേണ്ടി നിലവിലുള്ള ചട്ടങ്ങളിൽ ഇളവനുവദിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണെന്നും exceptional case-കളിൽ മാത്രമേ ഇപ്രകാരം ചട്ടങ്ങളിൽ ഇളവനുവദിക്കാൻ പാട്ടുള്ളൂ എന്നും 04/07/2009 തീയതിയിലെ സർക്കുലർ

നം.52/2009/ധന-യിൽ വ്യക്തമാക്കിയിട്ടുണ്ട്. ഭരണ വകുപ്പിന്റെ ശ്രദ്ധ പ്രസ്തുത സർക്കുലറിലേയ്ക്ക് ക്ഷണിക്കുന്നതോടൊപ്പം ശ്രീമതി.ബിന്ദു വർഗ്ഗീസിന്റെ കേസ് ഇപ്രകാരം exceptional case ആണോ എന്നത് ഭരണ വകുപ്പ് പരിശോധിച്ച് ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്ന കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിന്റെ അനുമതിക്കു വിധേയമായി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണ് എന്നും അറിയിക്കുന്നു."

The opinion of P & ARD Department in this reagrd is given below:

"എയ്ഡഡ് സ്കൂളുകളുടെ വിഷയം കെ.പി.എസ്. ആക്റ്റിനു കീഴിൽ വരാത്തതിനാൽ ഇക്കാര്യത്തിൽ ആധികാരിക അഭിപ്രായം രേഖപ്പെടുത്തുന്നതിന് ഈ വകുപ്പിന് പരിമിതിയുണ്ട്. ഭരണ വകുപ്പ് പൊതുവിദ്യാഭ്യാസ (ജെ) വകുപ്പിന്റെ ഉപദേശം തേടി ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടതാണ്."

The opinion of General Education (J) Department in this reagrd is given below:

"കെ.ഇ.ആർ.-ലെ ഏതെങ്കിലും ചട്ടം നടപ്പാക്കുമ്പോൾ അത് ഒരു കേസിൽ അനാവശ്യമായ കഷ്ടതകൾ സൃഷ്ടിക്കുന്നതായി ബോദ്ധ്യപ്പെട്ടാൽ അതുവഴിയുണ്ടായേക്കാവുന്ന അനീതിയും അസമത്വവും ഒഴിവാക്കുന്നതിനുള്ള നിബന്ധനകളോടെ പ്രസ്തുത ചട്ടത്തിൽ സർക്കാരിന് ഇളവു നല്കാമെന്ന് കെ.ഇ.ആർ. അദ്ധ്യായം 1 ചട്ടം 3 പ്രകാരം അധികാരപ്പെടുത്തിയിട്ടുണ്ട്. ഈ കേസിൽ പ്രസ്തുത സാഹചര്യം ദൃഷ്ടമാണോ എന്നും, മറ്റൊരു ടീച്ചർക്ക് ഇപ്രകാരം ഇളവ് നല്കപ്പെട്ടതായി അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ളത് സമാന സാഹചര്യത്തിലുള്ളതാണോ എന്നും പരിശോധിച്ച് ഭരണ വകുപ്പിന് തന്നെ തീരുമാനം എടുക്കാവുന്നതാണ്."

The approval of Sister Lucy Joseph as mentioned in the application of Smt.Bindhu Varghese is not in similar situation. Sister Lucy Joseph was granted approval as a special case, giving exemption under Rule 8 of Kerala Education Rules Chapter XXXII using the exclusive power vested in Government under Chapter 1 Rule 3 of Kerala Education Rules on the condition that it could not be a precedent in the future.

But while examining the request of Smt.Bindhu Varghese, following facts were noticed,

1) The Management St.Joseph's HSS advertised 3 times in the news paper inviting application to the leave vacancy of HSST (Social Work) in the St.Joseph's HSS, but received only the application of the petitioner who is fully qualified to the post. In the above circumstances, the Selection Committee held on 20/11/2020 with a Government nominee had selected the petitioner (date of birth 20/03/1974) to the leave vacancy on condition that relaxation of upper age limit shall be obtained from Government.

2) It can be noticed that well before the Selection Committee selected the petitioner to the leave vacancy, the Manager had appointed her on daily wage basis in the leave vacancy which arose on 01/07/2019, eventhough she was over aged. This is because she was fully qualified and no other qualified teachers or those who have not crossed the age limit could be found even after several news paper advertisements. Accordingly the Regional Deputy Director, Thiruvananthapuram approved the appointment from 01/07/2019 to 03/01/2020 on daily wage basis. It was in such situation, when the teacher who had availed leave for the period from 01/07/2019 to 03/01/2020, extended the leave period from 04/01/2020 to 01/02/2022, this leave vacancy period also had to be extended that the Selection Committee selected the petitioner to the said vacancy. Therefore the Manager submitted request before the Regional Deputy Director for the continuous appointment of the petitioner to the said vacancy.

3) As the Selection Committee which met on 20/01/2020 had already selected the petitioner, any subsequent appointment should be under scale of pay basis. Besides, as the daily wage appointment was approved without even considering that the petitioner has crossed the age limit, the appointment on scale of pay should also be approved relaxing the upper age limit.

On examination of the request of the petitioner on the above circumstances and on the documents produced by the petitioner, the following facts were noticed.

(a) The petitioner who was fully qualified, but over aged was appointed owing to the non-availability of fully qualified teacher who are well

within the age limit prescribed for appointment as HSST. Even if the action of the Manager in having appointed the petitioner on daily wage basis from 01/07/2019 and that of the Regional Deputy Director in having approved the daily wage appointment of the petitioner be ratified in academic interest, as per Rule 8 of Chapter XXXII KER, for according appointment on scale of pay basis, the prescribed age limit to the post should be strictly adhered to. But, the Selection Committee noticed that qualified hands within the age limit were not available and hence selected the petitioner though over aged, and recommended to be appointed on scale of pay basis after having evaluated the exemplary performance of the petitioner in handling the classes and her qualification to the post. In such circumstances, it is found that the petitioner who had been working with approval on daily wage basis since 01/07/2019 (upto 03/01/2020) is eligible to be granted approval on scale of pay basis, as per the recommendation of the Selection Committee.

(b)The petitioner has also produced the following certificates:

(1) Women Organiser from March 1998 to December 2002 and in charge of the Gender Development Program of the Project under the World Vision India, Area Development Programme Pathanamthitta.

(2) Counsellor for the period from 2003-2004 under the Ashik – Help Line for Women and Girls Project, a Project of Central Social Welfare Board of the Minority of Human Resources Department.

(3) Social Development Consultant from 2004-2005 in 7 districts under Kudumbashree (Certificate given by Project Director, Kudumbasree).

(4) As an efficient commited dedicated full time School Counsellor, from 2012-2016 under the Social Justice Department.

On going through these documents, it is seen that the petitioner has been actively participating in the Social Work Field under various Government projects since 1998. Considering the fact that the appointment of the petitioner in the school is as HSST (Social Work) and the above field experience of the petitioner would be useful in imparting practical knowledge to the students, it would only be beneficial if the recommendation of the Selection Committee to approve her appointment in

the leave vacancy on scale of pay basis granting age relaxation, is accepted and on the grounds that, no other fully qualified teachers within the prescribed age limit were available and that, the petitioner has been working with approval on daily wage basis since 01/07/2019 (till 31/01/2020).

(c) It is found that the petitioner whose date of birth is 20/03/1974 is above 47 years, of age, has no more chances for any other appointment and that, the vacancy in which she is presently working is a leave vacancy with duration only upto 01/02/2022. In these circumstances, the petitioner who has been working in the school since 01/07/2019 with approval on daily wage basis (till 03/01/2020) deserves sympathetic consideration in granting approval of appointment in the leave vacancy on scale of pay basis relaxing the upper age limit as recommended by the Selection Committee.

When the file was submitted for order, whether Mrs.Bindu Varghese's request may be considered as a special case under the above circumstances, using the special powers vested in the Government under Chapter 1 Rule 3 of the Kerala Education Rules, exempting from Rule 8 of KER Chapter XXXII, for granting legal status on the condition that it should not be a norm in the future, the Honble Chief Minister has ordered to place the matter before the Council of Ministers.

## POINT FOR DECISION

Whether Smt.Bindhu Varghese who has been working as HSST (Social Work) on daily wage basis in a leave vacancy with approval from 01/07/2019 to 03/01/2020 in the St.Joseph's HSS, may be granted approval of appointment on scale of pay basis (leave vacancy) with effect from 04/01/2020 as recommended by the Selection Committee, relaxing the upper age limit stipulated in Rule 8. Chapter XXXII KER?

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 23-02-2022

ഫയൽ നം. എ3/181/2021/പൊവിവ. ഇനം നം: 574

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - തിരുവനന്തപുരം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്.-ൽ എച്ച്.എസ്.എസ്.റ്റി. (സോഷ്യൽ വർക്ക്) ആയ ശ്രീമതി. ബിന്ദു വർഗ്ഗീസിന്റെ അവധി ഒഴിവിലെ നിയമനത്തിന് പ്രായപരിധിയിൽ ഇളവ് അനുവദിച്ച് നിയമനാംഗീകാരം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

24/2/22